**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 212 11.06.2012 -ൽ മറുപടിയ്ക്ക്**

**ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിനു ശേഷം നടന്ന ആക്രമണ സംഭവങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ എളമരം കരീം :<br>ശ്രീ എ. പ്രദീപ് കുമാർ :<br>ശ്രീ കെ. ദാസൻ :<br>ശ്രീ പുരുഷൻ കടലുണ്ടി : | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| എ) | ടി. പി. ചന്ദ്രശേഖരൻ കൊല ചെയ്യപ്പെട്ട മേയ് 4 - ന് ശേഷം വടകര മേഖലയിൽ അരങ്ങേറിയ ആക്രമണ സംഭവങ്ങൾ നിയന്ത്രണ വിധേയമായിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | കൊലപാതകത്തെ തുടർന്ന് മന്ത്രിമാരുടെ പ്രസ്താവനകളുടെയും ഇടപെടലുകളുടെയും ഫലമായി സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ ആക്രമണങ്ങൾ സംഘടിപ്പിക്കപ്പെട്ടതും പോലീസ് മൗനം പാലിച്ചതും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ആക്രമണ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സമാധാനയോഗം വിളിച്ചു ചേർക്കുകയുണ്ടായോ; | സി) | സമാധാന യോഗം ചേർന്നിട്ടില്ല. |
| ഡി) | ആക്രമണങ്ങളുടെ ഫലമായി വീടുകളും സ്ഥാപനങ്ങളും വാഹനങ്ങളും മറ്റും തകർക്കപ്പെട്ടത് സംബന്ധിച്ച് എത്ര പരാതികൾ വടകര, ചോമ്പാല, എടച്ചേരി പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുകയുണ്ടായി ; എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി ; എത്ര പ്രതികളെ അറസ്റ്റ് ചെയ്യുകയുണ്ടായി; വിശദമാക്കുമോ; | ഡി) | വീടുകളും സ്ഥാപനങ്ങളും മറ്റും തകർക്കപ്പെട്ടത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ 102 കേസുകൾ രജിസ്റ്റർ ചെയ്തു. പ്രസ്തുത കേസുകളിൽ എല്ലാം കൂടി 297 പ്രതികളെ അറസ്റ്റു ചെയ്തു. |
| ഇ) | പരാതികളിൽ പറഞ്ഞ നാശനഷ്ടങ്ങൾ കണക്കാക്കാൻ റവന്യൂ അധികൃതരുടെ സേവനം ആവശ്യപ്പെട്ടിരുന്നോ ; അത്തരത്തിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; | ഇ) | ഇല്ല. |
| എഫ്) | ആക്രമണങ്ങൾ പടരാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ? | എഫ്) | ഈ സ്ഥലങ്ങളിൽ ശക്തമായ പോലീസ് നിരീക്ഷണവും പിക്കറ്റ് പോസ്റ്റുകളും മൊബൈൽ പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ